# പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ. 264

21.06.2012-ലെ
മറുപടിക്ക്.

## <u>വിദ്യാഭ്യാസ പാക്കേജ്</u>

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)<br>ശ്രീ. കെ. രാധാകൃഷ്ണൻ<br>ശ്രീ. എം. ചന്ദ്രൻ<br>ശ്രീമതി. കെ.കെ. ലതിക | ശ്രീ. പി.കെ. അബ്ദു റബ്ബ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) അദ്ധ്യാപക വിദ്യാർത്ഥി അനുപാതം കുറച്ച് ജോലി സംരക്ഷണം ഉറപ്പാക്കുന്ന വിദ്യാഭ്യാസ പാക്കേജ് സംസ്ഥാനത്ത് നടപ്പിൽ വരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ; | (എ) നിലവിലുള്ള അദ്ധ്യാപക വിദ്യാർത്ഥി അനുപാതം കുറച്ച് സർക്കാർ എയ്ഡഡ് സ്കൂളുകളിലെ വിദ്യാഭ്യാസ നിലവാരം ഗണ്യമായി മെച്ചപ്പെടുത്തുകയെന്നത് വിദ്യാഭ്യാസ പാക്കേജിന്റെ ഒരു പ്രധാന ലക്ഷ്യമാണ്. എയ്ഡഡ് മേഖലയിൽ അദ്ധ്യാപകരുടെ ജോലി സംരക്ഷണത്തിന് വലിയ ഭീഷണി നേരിട്ട് കൊണ്ടിരുന്ന സാഹചര്യത്തിൽ അദ്ധ്യാപകരുടെ ജോലി സംരക്ഷണം ഉറപ്പു വരുത്തുക എന്നത് പാക്കേജിന്റെ മറ്റൊരു പ്രധാന ഉദ്ദേശമാണ്. എയ്ഡഡ് സ്കൂളുകളിലെ നിരവധി അദ്ധ്യാപകർ വർഷങ്ങളായി ശമ്പളമില്ലാതെ ജോലിചെയ്ത് വരുകയായിരുന്നു. അതുപോലെ എയ്ഡഡ് സ്കൂളുകളിൽ സ്ഥിരനിയമനം ലഭിച്ച് അംഗീകാരം കിട്ടി ശമ്പളത്തോട് കൂടി വർഷങ്ങളോളം ജോലിചെയ്തതിന് ശേഷം തസ്തിക നഷ്ടപ്പെട്ട് 1997ന് മുമ്പ് പ്രൊട്ടക്ഷന് അർഹതയില്ലാതെ നിരവധി അദ്ധ്യാപകർ പുറത്ത്പോയിരുന്നു. തസ്തിക നഷ്ടപ്പെട്ട് എയ്ഡഡ് സ്കൂളിൽ നിന്നും പുറത്തായ നിരവധി അദ്ധ്യാപകർ പ്രൊട്ടക്ഷന് അർഹതനേടി സർക്കാർ സ്കൂളുകളിൽ ജോലി ചെയ്തിരുന്നു. പി.എസ്.സി. വഴി നിയമനം നടത്തേണ്ട തസ്തികകളിലാണ്. ഇത്തരം അദ്ധ്യാപകർ ജോലി ചെയ്തിരുന്നത്. |

പാക്കേജ് നടപ്പിലാക്കിയതിനെതുടർന്ന് ശമ്പളമില്ലാതെ ജോലിചെയ്തിരുന്ന. മിക്കവാറും എല്ലാ അദ്ധ്യാപകർക്കും നിയമനാഗീകാരം നൽകി ശമ്പളവും നൽകിയിട്ടുണ്ട്. പ്രൊട്ടക്ഷന് അർഹതയില്ലാതെ വർഷങ്ങളായി പുറത്ത് നിന്ന അദ്ധ്യാപകരെ പാക്കേജിന്റെ ഭാഗമായി റിട്രഞ്ച്ഡ് ലിസ്റ്റിൽ ഉൾപ്പെടുത്തുകയും ട്രയിനിംഗ് നൽകി പുനർ നിയമന ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. സർക്കാർ സ്കൂളുകളിൽ ജോലിചെയ്തിരുന്ന പ്രൊട്ടക്ടഡ് അദ്ധ്യാപകരെ അദ്ധ്യാപക ബാങ്കിലേയ്ക്ക് മാറ്റി ആ തസ്തികയിൽ നിയമനത്തിനായി പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. സ്കൂളിലെ കുട്ടികളുടെ എണ്ണം കണക്കിലെടുക്കാതെ എല്ലാ കുട്ടികൾക്കും സ്പെഷ്യലിസ്റ്റ് അദ്ധ്യാപകരുടെ സേവനം ലഭ്യമാക്കാനും പാക്കേജിൽ വ്യവസ്ഥയുണ്ട്.

(ബി) പ്രസ്തുത പാക്കേജ് പൊതുവിദ്യാലയങ്ങൾ മെച്ചപ്പെടുത്തുന്നതിനും അദ്ധ്യാപക തസ്തികയിൽ തൊഴിൽ സംരക്ഷണം നൽകുന്നതിനും ലക്ഷ്യം വെയ്ക്കുന്നുണ്ടോ; വിശദമാക്കാമോ; അദ്ധ്യാപക പാക്കേജിലെ വ്യവസ്ഥകൾ ബന്ധപ്പെട്ടവരെല്ലാം അംഗീകരിക്കുകയും പൂർണ്ണമായി നടപ്പിലാക്കുകയും ചെയ്തിട്ടുണ്ടോ;

(ബി) വിദ്യാഭ്യാസ മേഖല പ്രത്യേകിച്ച് എയ്ഡഡ് വിദ്യാഭ്യാസ മേഖല വലിയ പ്രതിസന്ധി നേരിട്ട് കൊണ്ടിരുന്ന സമയത്താണ് ഈ മേഖലയിൽ കാര്യമായ മാറ്റം വരുത്തിക്കൊണ്ടുള്ള ഒരു സമഗ്രമായ പാക്കേജിന് സർക്കാർ രൂപം നൽകിയത്. പൊതു വിദ്യാലയങ്ങളുടെ നിലവാരം മെച്ചപ്പെടുത്തുക എന്ന ഉദ്ദേശത്തോടെ അദ്ധ്യാപക വിദ്യാർത്ഥി അനുപാതം നിലവിലുള്ള 1:45-ൽ നിന്നും 1:30 ആയും 1:35 ആയും കുറച്ചു. മാറി മാറി വരുന്ന വിദ്യാഭ്യാസ സാഹചര്യങ്ങൾക്ക് അനുസൃതമായി കുട്ടികളെ പഠിപ്പിക്കുന്നതിന് അദ്ധ്യാപകരെ പ്രാപ്തരാക്കുന്നതിന് ആവശ്യമായ ട്രയിനിംഗ് അവർക്ക് നൽകുന്നതിനുള്ള വ്യവസ്ഥ പാക്കേജിലുണ്ട്. അദ്ധ്യാപകരുടെ തൊഴിൽ സംരക്ഷണം പാക്കേജ് പൂർണ്ണമായും ഉറപ്പാക്കുന്നു. 2010-11 കാലയളവിൽ സർവ്വീസിൽ ഉള്ള അധ്യാപകർക്ക് ജോലി നഷ്ടപ്പെടുന്ന പ്രശ്നം ഉദ്ക്കുന്നില്ല. എയ്ഡഡ് സ്കൂളുകളിൽ അദ്ധ്യാപക നിയമനം കൂടുതൽ സുതാര്യമാക്കിയതോടെ അധിക തസ്തികയിലെ നിയമനം ഒഴിവാക്കി സ്ഥിര തസ്തികയിൽ മാത്രമേ നിയമനം നടത്താൻ കഴിയുകയുള്ളൂ. അധ്യാപക പാക്കേജിലെ വ്യവസ്ഥകളെല്ലാം മാനേജ്മെന്റ് പ്രതിനിധികളും അദ്ധ്യാപക സംഘടനാ പ്രതിനിധികളുമായി

പലവട്ടം ചർച്ച നടത്തി ഒരു പൊതു സമവായത്തിന്റെ അടിസ്ഥാനത്തിലാണ് നടപ്പിലാക്കിയിട്ടുള്ളത്.

(സി) സ്കൂളുകളിൽ തസ്തിക നഷ്ടപ്പെടുന്നതിന്റെ കാരണം കുട്ടികൾ കുറയുന്നതാണെന്ന കാര്യം പരിഗണിച്ചിട്ടുണ്ടോ;

(സി) ഉണ്ട്.

(ഡി) എങ്കിൽ വിവിധ സിലബസ്സുകളിൽ അനധികൃത വിദ്യാലയങ്ങൾ പ്രവർത്തിക്കുന്നതും അൺഎയ്ഡഡ് സ്കൂളുകൾക്കും സി.ബി.എസ്.ഇ. സ്കൂളുകൾക്കും യഥേഷ്ടം അംഗീകാരം നൽകുന്നതുമാണ് തസ്തിക നഷ്ടപ്പെടാനും അദ്ധ്യാപകർക്ക് ജോലി നഷ്ടപ്പെടുത്തുന്നതിനും ഇടയാക്കുന്നതെന്ന കാര്യം പരിഗണിച്ചുകൊണ്ട് അവ ആവർത്തിക്കാതിരിക്കാൻ നടപടി സ്വീകരിക്കുമോ?

(ഡി) വിദ്യാഭ്യാസ സംരക്ഷണ നിയമം സംസ്ഥാനത്ത് നടപ്പിലാക്കിയിട്ടുണ്ട്. ഇത് പൂർണ്ണമായി നടപ്പിലാക്കി കഴിയുമ്പോൾ അനധികൃത വിദ്യാലയങ്ങൾക്ക് സംസ്ഥാനത്ത് പ്രവർത്തിക്കാൻ കഴിയുകയില്ല. സി.ബി.എസ്.ഇ. സ്കൂളുകളോടും ഇംഗ്ലീഷ് മീഡിയം സ്കൂളുകളോടും രക്ഷിതാക്കൾക്ക് പൊതുവെ ഉണ്ടായിട്ടുള്ള അമിത താൽപര്യം സർക്കാർ എയ്ഡഡ് സ്കൂളുകളിൽ കുട്ടികളുടെ എണ്ണം കുറയുന്നതിന് കാരണമായിട്ടുണ്ട്. അദ്ധ്യാപക പാക്കേജ് നടപ്പിലാക്കിയതിനെ തുടർന്ന് നിലവിൽ അദ്ധ്യാപകരുടെ ജോലി നഷ്ടപ്പെടുന്ന സാഹചര്യം ഉണ്ടാകുന്നില്ല.

സെക്ഷൻ ഓഫീസർ